"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - ജീവനക്കാര്യം - എം.എസ്.സി നഴ്സിംഗ് പൂർത്തിയാക്കിയവരെ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ബോണ്ടഡ് ലക്ചറർമാരായി നിയമിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/H&FWD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:- 1. സ.ഉ.(കൈ) നം.151/2024/H&FWD തീയതി 11.07.2024

2. സ.ഉ.(കൈ) നം.426/2025/H&FWD തീയതി 16.12.2025

3. സ.ഉ.(കൈ) നം. 179/2025/H&FWD തീയതി 23.06.2025

4. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 23.12.2025 തീയതിയിലെ DME/7810/2025-B9 നം. കത്ത്.

**ഉത്തരവ്**

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ, സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിന്നും വിജയകരമായി എം.എസ്.സി നഴ്സിംഗ് കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ബോണ്ടിന്റെ അടിസ്ഥാനത്തിൽ 1 വർഷത്തെ നിർബന്ധിത അദ്ധ്യാപന സേവനം ഏർപ്പെടുത്തിക്കൊണ്ടു പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രതിമാസ സ്റ്റൈപ്പന്റ് ₹25000/- നിരക്കിൽ വേതനവും നിശ്ചയിച്ചിരുന്നു. പ്രസ്തുത സ്റ്റൈപ്പന്റ് തുക ₹32,000/- ആയി വർധിപ്പിച്ചു നൽകി പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. ബഹു. സുപ്രീം കോടതിയുടെ SLP(C)No.5008/2025 കേസിലെ 24.02.2025-ലെ വിധിയുടെ അടിസ്ഥാനത്തിൽ 2024-25 അധ്യയന വർഷവും അതിന് ശേഷവും പ്രവേശനം നേടിയവർക്ക്/നേടുന്നവർക്ക് മാത്രമെ ടീച്ചിംഗ് ഇന്റേൺഷിപ്പ് നിർബന്ധമാക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത വിധിയെത്തുടർന്ന് 2024-25 അധ്യയന വർഷം പ്രവേശനം നേടിയവർക്കും തുടർന്നുള്ള വർഷങ്ങളിൽ പ്രവേശനം നേടുന്നവർക്കും ടീച്ചിംഗ് ഇന്റേൺഷിപ്പ് നിർബന്ധമാക്കി സർക്കാർ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവ് പ്രകാരം 2025-ൽ കോഴ്സ് പൂർത്തിയാക്കിയവർക്ക് ഇന്റേൺഷിപ്പ് ഓപ്ഷണൽ മാത്രമാണ്. മേൽ സാഹചര്യത്തിൽ വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ ബോണ്ടഡ് ലെക്ചറർമാരുടെ ലഭ്യതക്കുറവുണ്ട്.

**2.** വിവിധ സർക്കാർ നഴ്സിംഗ് കോളേജുകളിൽ അദ്ധ്യാപകരുടെ അധ്യാപക-വിദ്യാർത്ഥി അനുപാതമായ 1:10 പാലിക്കുന്നതിനായി മുൻ വർഷങ്ങളിൽ സർക്കാർ

നഴ്സിംഗ് കോളേജുകളിൽ നിന്ന് എം.എസ്.സി (നഴ്സിംഗ്) പാസ്സായ യോഗ്യരായ വിദ്യാർത്ഥികൾക്കോ, അവരുടെ അഭാവത്തിൽ സ്വാശ്രയ കോളേജുകളിൽ നിന്നും എം.എസ്.സി നഴ്സിംഗ് വിജയിച്ച **KNMC** രജിസ്ട്രേഷനുള്ള വിദ്യാർത്ഥികളേയോ അതാത് നഴ്സിംഗ് കോളേജുകളിൽ **Walk-in-interview** നടത്തി ഒരു വർഷ കാലയളവിലേക്കോ അല്ലെങ്കിൽ യോഗ്യരായ ബോണ്ടഡ് അദ്ധ്യാപകർ പ്രവേശിക്കുന്നത് വരെയോ ഏതാണ് ആദ്യം വരുന്ന തിയതി എന്നത് അടിസ്ഥാനമാക്കി വിടുതൽ തീയതി കണക്കാക്കി നിയമനം നൽകുന്നതിന് അനുമതി നൽകണമെന്ന് പരാമർശം (4) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിച്ചിരുന്നു

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുശാസിക്കുന്ന അധ്യാപക-വിദ്യാർത്ഥി അനുപാതമായ 1:10 മറികടന്ന് ബോണ്ടഡ് ലക്ചറർമാരെ അധികമായി നിയമിക്കാൻ പാടില്ലായെന്ന ഉപാധിയോടെ, മുൻ വർഷങ്ങളിൽ സർക്കാർ നഴ്സിംഗ് കോളേജുകളിൽ നിന്ന് എം.എസ്.സി(നഴ്സിംഗ്) പാസ്സായ യോഗ്യരായവരെയോ, അവരുടെ അഭാവത്തിൽ സ്വാശ്രയ കോളേജുകളിൽ നിന്നും എം.എസ്.സി നഴ്സിംഗ് വിജയിച്ച **KNMC** രജിസ്ട്രേഷനുള്ളവരെയോ, ഒരു വർഷ കാലയളവിലേക്കോ, അല്ലെങ്കിൽ, പരാമർശം (1) ഉത്തരവ് പ്രകാരമുള്ള ബോണ്ടഡ് അദ്ധ്യാപകരെ ലഭിക്കുന്നതുവരെയോ, ഇവയിൽ ഏതാണോ ആദ്യം വരുന്നത് എന്നതിനെ അടിസ്ഥാനമാക്കി നിയമന കാലയളവ് നിശ്ചയിച്ച് സർക്കാർ നേഴ്സിംഗ് കോളേജുകളിൽ ബോണ്ടഡ് ലക്ചറർമാരായി നിയമിക്കാൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ സർക്കാർ നഴ്സിംഗ് കോളജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന )
രജിസ്ട്രാർ, കേരള നഴ്സ്സ് & മിഡ് വൈവ്സ് കൗൺസിൽ, തിരുവനന്തപുരം (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 01-01-2026 17:14:49
സെക്ഷൻ ഓഫീസർ